# കരകുളം കുടുംബശ്രീ C.D.S

നെടുമങ്ങാട് ബ്ലോക്കിലെ കരകുളം പഞ്ചായത്തിലെ കരകുളം കുടുംബശ്രീ സി.ഡി.എസ് ആകെ ആയൽക്കൂട്ടങ്ങളുടെ എണ്ണം 388 ആകെ JLG-181.ആകെ വാർഡ് 23

## കോവിഡ് 19 പ്രവർത്തന റിപ്പോർട്ട്

കോവിഡ് 19 കാലത്ത് ഒരു സി.ഡി.എസ് Watsaap Group രൂപികരിച്ചു, ഈ Watsaap Group-ൽ ആകെ അംഗങ്ങൾ 33. ജനറൽ ബോഡിയിലെ ആകെ അംഗങ്ങൾ 161 (A.D.S) ഈ Watsaap Group-ൽ ഉൾപ്പെടുത്തിയിട്ടുള്ള ആകെ സി.ഡി.എസ് ജനറൽ ബോഡി അംഗങ്ങൾ 96. ആകെ 23 A.D.S Watsaap Group കൾ രൂപികരിച്ചു A.D.S Watsaap Group ലെ അംഗങ്ങൾ 965

1. ആരോഗ്യവകുപ്പിന്റെ നിർദ്ദേശപ്രകാര 300ലധികം ബ്രേക്ക് ദ് ചെയിൻ ഹാൻഡ് വാഷിംഗ് കിയോസുകൾ പഞ്ചായത്തിന്റെ സഹായത്തോടെ സ്ഥാപിച്ചു.
2. ബ്രേക്ക് ദ് ചെയിൻ ക്യാമ്പെയിൻ പ്രചാരണത്തിനു 3 തവണ പഞ്ചായത്തിന്റെ സഹായത്തോടെ മൈക്ക് അനൗൺസ്മെന്റ് നടത്തി.
3. വാർഡ്തലത്തിൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിക്കുന്നതിനും രോഗലക്ഷണമുള്ളവരെ നീരിക്ഷിക്കുന്നതിനും എല്ലാ വാർഡുകളിലും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ആരോഗ്യവോളന്റിയർമാരും പോലീസും അടങ്ങുന്ന റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപികരിച്ചു.
4. കമ്മ്യൂണിറ്റി കിച്ചനിലെ പ്രവർത്തനം മാർച്ച് 27-ന് ആരംഭിച്ചു. പഞ്ചായത്തിന്റെയും കുടുംബശ്രീ സിഡിഎസിന്റെയും നേതൃത്വത്തിൽ കമ്മ്യൂണിറ്റി കിച്ചന്റെ പ്രവർത്തനം ആരംഭിച്ചു. കമ്മ്യൂണിറ്റി കിച്ചന്റെ പ്രവർത്തനം കരകുളം ഗ്രാമീണ പഠനകേന്ദ്രത്തിലും ചിറ്റാഴ ബഡ്സ് സ്കൂളിലുമായി നടന്നു. കമ്മ്യൂണിറ്റി കിച്ചനും ജെ.എൽ.ജി കർഷകർ പച്ചക്കറികൾ എത്തിച്ചു.





പ്രഭാതഭക്ഷണം, ഉച്ചഭക്ഷണം, രാത്രിഭക്ഷണം സൗജന്യമായി നൽകി. അന്യദേശതൊഴിലാളികൾക്ക് ഭക്ഷ്യവസ്തുക്കൾ സാനിട്ടൈസർ, സോപ്പ്, മാസ്ക, എന്നിവ കൃത്യമായ ഇടവേളകളിൽ വിതരണം നടത്തി.

ബഡ്സ് സ്കൂളിലെ വിദ്യാർത്ഥികളുടെ കുടുംബാംഗങ്ങൾക്കും ഭക്ഷ്യകിറ്റുകൾ നൽകി. കമ്മ്യൂണിറ്റി കിച്ചന്റെ പ്രവർത്തം 10.05.2020 ൽ അവസാനിച്ചു.



5. 13.04.2020 ന് ജനകീയ ഹോട്ടലിന്റെ പ്രവർത്തനം ആരംഭിച്ചു.1 ഊണിന് 20 രൂപ നിരക്കിൽ നൽകുന്നു. പ്രതിദിനം 250ൽ അധികം പേർക്ക് ഉച്ചഭക്ഷണം നൽകി വരുന്നു.



6. മാസ്കിന്റെ നിർമ്മാണത്തിനുവേണ്ടി കുടുംബശ്രീ ജില്ലാ മിഷനിൽനിന്നും മെറ്റീരിയൽ നൽകി 719 മാസ്ക് നിർമ്മിച്ചു കൊടുത്തു. ഇതുകുടാതെ 300 മാസ്ക് കുടുംബശ്രീ സിഡിഎസ് നിർമ്മിച്ചു സൗജന്യമായി നൽകി. ഏകദേശം 30,000 ഫെയ്സ് ഷീൽഡ് നിർമ്മിക്കുന്നതിനുവേണ്ടി കുടുംബശ്രീ സിഡിഎസിന് കുടുംബശ്രീ ജില്ലാമിഷൻ അനുമതി നൽകി. 20,790 ഷീൽഡ് മാസ്ക് ഉല്പാദിപ്പിച്ച് തിരികെ നൽകി.


ശ്രീചിത്രയ്ക്ക് ഫേസ് ഷീൽഡ് നൽകി കുടുംബശ്രീ

## CMHLS ലോണിന്റെ വിവരങ്ങൾ

ലോണിനുവേണ്ടി 309 അപേക്ഷകൾ കരകുളം സി.ഡി.എസിൽ സമർപ്പിച്ചു. ആകെ അംഗങ്ങൾ 3962. അയൽക്കൂട്ടം ആവശ്യപ്പെട്ട തുക 27310000. ബാങ്കിൽ സമർപ്പിച്ച മൊത്തം അപേക്ഷകളുടെ എണ്ണം 309, ബാങ്ക് അനുവദിച്ച മൊത്തം അപേക്ഷകളുടെ എണ്ണം 15. ലോൺ അനുവദിച്ച അംഗങ്ങളുടെ എണ്ണം 165. ബാങ്ക് അനുവദിച്ച തുക 1550000.